**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 461** **08-07-2024 - ൽ മറുപടിയ്ക്ക്**

**പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രതിവർഷം അറുപതിനായിരത്തോളം കാൻസർ രോഗികൾ പുതുതായി രജിസ്റ്റർ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ രോഗികളുടെ എണ്ണത്തിലുള്ള വർദ്ധനവ് കണക്കിലെടുത്ത് ആർദ്രം മിഷനിലെ പ്രധാന പദ്ധതികളിലൊന്നായി കാൻസർ പരിചരണം ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് പ്രതിവർഷം അറുപതിനായിരത്തോളം ക്യാൻസർ രോഗികൾ പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ആർദ്രം മിഷനിലെ പ്രധാന പദ്ധതികളിൽ ഒന്നായി ക്യാൻസർ പരിചരണത്തെ ഉൾപ്പെടുത്തിയത്. നവ കേരള കർമ്മ പദ്ധതിയുടെ ഒരു സുപ്രധാന ഉദ്ദേശലക്ഷ്യവും ക്യാൻസർ പരിചരണമാണ്. കൂടാതെ വാർഷിക ആരോഗ്യ പരിശോധനയുടെ ഭാഗമായി ആശാ പ്രവർത്തകരുടെ സഹായത്തോടെ, സമൂഹത്തിലെ 30 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളുടെയും ഒരു സമഗ്ര ആരോഗ്യ സർവ്വേ, ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്ത 'ശൈലി' എന്ന ആപ്ലിക്കേഷനിലൂടെ നടപ്പിലാക്കി വരുന്നു. ഇതിലൂടെ കാൻസർ രോഗ സാധ്യതയുള്ള 9 ലക്ഷത്തോളം ആളുകളെ പ്രാഥമിക പരിശോധനകൾക്കായി അടുത്തുള്ള ആരോഗ്യ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുകയും 'ആർദ്രം' പദ്ധതിയുടെ ഭാഗമായി പ്രാഥമികതലത്തിൽ തന്നെ സ്തനാർബുദം, വദനാർബുദം, ഗർഭാശയഗളാർബുദം തുടങ്ങിയ ക്യാൻസറുകൾ നിർണയിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങളും പരിശീലനവും നൽകി കുടുംബാരോഗ്യകേന്ദ്രങ്ങളെ ശാക്തീകരിച്ചിട്ടുമുണ്ട്. ക്യാൻസർ രോഗികളുടെ വിശദാംശങ്ങൾ രജിസ്റ്റർ ചെയ്ത് അവരുടെ പരിശോധനകൾക്കും ചികിത്സകൾക്കും വേണ്ടി റഫർ ചെയ്യുന്നതിന് ഇ-ഹെൽത്തിന്റെ സഹായത്തോടുകൂടി 'കാൻസർ കെയർ സ്യൂട്ട്' എന്ന ആപ്ലിക്കേഷനും വികസിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ ക്യാൻസർ രോഗികളെ റഫർ ചെയ്യുന്നതിന് അടിസ്ഥാന സൗകര്യങ്ങളുടെ മാനദണ്ഡങ്ങൾ അനുസരിച്ച് |

തയ്യാറാക്കിയ 'ക്യാൻസർ ഗ്രിഡും' ഓരോ ജില്ലയിലും സജ്ജമായി വരുന്നു. ഈ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിലെ ക്യാൻസർ രോഗികളിൽ രോഗം നേരത്തെ കണ്ടെത്തുന്നതിനും ചികിത്സ ഉറപ്പാക്കുന്നതിനും സാധ്യമാകുന്നു. അതു കൂടാതെ കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി പ്രകാരം തെക്കൻ കേരളത്തിൽ ഓരോ വർഷവും പുതുതായി രജിസ്റ്റർ ചെയ്യുന്ന കാൻസർ രോഗികളുടെ കണക്കുകൾ തിരുവനന്തപുരം ആർ.സി.സിയിൽ ശേഖരിച്ചപ്പോൾ തിരുവനന്തപുരം ജില്ലയിൽ 6966 പേരും, കൊല്ലം ജില്ലയിൽ 5594 പേരും, പത്തനംതിട്ട ജില്ലയിൽ 4493 പേരും, ആലപ്പുഴ ജില്ലയിൽ 2699 പേരും ഉൾപ്പെടെ 2021 വരെ ആകെ 19752 കാൻസർ രോഗികളെക്കുറിച്ചുള്ള വിവരം ലഭ്യമായിട്ടുള്ളതും കോട്ടയം ജില്ലയിലെ കാൻസർ രോഗികളുടെ വിവരശേഖരണം നടന്നു വരികയുമാണ്.

മലബാർ കാൻസർ സെന്റർ–പി.ജി.ഐ.ഒ.എസ്.ആർ-ൽ കാൻസർ രോഗികളുടെ എണ്ണം ജനസംഖ്യാധിഷ്ഠിതമായ കാൻസർ രെജിസ്ട്രികൾ മുഖേന രേഖപ്പെടുത്തുന്നുണ്ട്. കൃത്യമായ വിവരശേഖരണത്തിന്റെ ഭാഗമായാണ്, കേരള കാൻസർ രെജിസ്ട്രി സർക്കാർ രൂപീകരിച്ചിട്ടുള്ളത്. കേരളത്തിലെ മൂന്നു അപെക്സ് കാൻസർ സെന്ററുകളുടെ നേതൃത്വത്തിൽ ആണ് ഈ പ്രവർത്തനങ്ങൾ നടക്കുന്നത്. കാസർഗോഡ് മുതൽ തൃശ്ശൂർ വരെയുള്ള ജില്ലകൾ മലബാർ കാൻസർ സെന്ററും, എറണാകുളവും ഇടുക്കിയും കൊച്ചിൻ കാൻസർ സെന്ററും, മറ്റു ജില്ലകളിൽ ആർ.സി.സി യും ജനസംഖ്യാധിഷ്ഠിതമായ കാൻസർ രെജിസ്ട്രി പ്രവർത്തനങ്ങൾ നടത്തിവരുന്നു. എം.സി.സി -പി.ജി.ഐ.ഒ.എസ് ആറിൽ 2018 ൽ 5199 പേരും, 2019 ൽ 5207 പേരും, 2020 ൽ 5459 പേരും, 2021 ൽ 6174 പേരും, 2022 ൽ 6059 പേരും പുതുതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ റേഡിയോതെറാപ്പി ഡിപ്പാർട്ട്മെന്റിൽ രജിസ്റ്റർ ചെയ്ത പുതിയ രോഗികളുടെ എണ്ണത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്. പി.എച്ച്.സി, സി.എച്ച്.സി എന്നിവിടങ്ങളിലെ ഹെൽത്ത് ജീവനക്കാർ ക്യാമ്പുകൾ നടത്തി കാൻസർ സംശയിക്കുന്ന രോഗികൾക്ക് ആവശ്യമായ പരിശോധനകൾ നിർദ്ദേശിക്കുകയും രോഗനിർണ്ണയത്തിന് ശേഷം അടുത്തുള്ള കാൻസർ സെന്റർ, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലേക്ക് റഫർ ചെയ്യുകയും ചെയ്യുന്നു.

| | | | |
|---|---|---|---|
| (ബി) | കാൻസർ രോഗികളെ നേരത്തേ കണ്ടെത്തി ചികിത്സ ഉറപ്പാക്കാനായി കാൻസർ കൺട്രോൾ സ്ട്രാറ്റജി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സംസ്ഥാന സർക്കാർ കാൻസർ രോഗ വിദഗ്ദ്ധരുടെ സഹായത്തോടെ തയ്യാറാക്കിയ ക്യാൻസർ കൺട്രോൾ സ്ട്രറ്റിജിക് ആക്ഷൻ പ്ലാൻ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ചികിത്സാ കേന്ദ്രങ്ങളെ മികവിന്റെ അടിസ്ഥാനത്തിൽ ഓരോ തലങ്ങളായി തിരിക്കുകയും ഓരോ തലത്തിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും അതോടൊപ്പം തന്നെ കാൻസർ ചികിത്സയ്ക്കായി ഒരു സംയോജിത ചികിത്സാ പ്രോട്ടോകോൾ തയ്യാറാക്കിക്കൊണ്ട് ആയത് പ്രകാരമുള്ള ചികിത്സ ഉറപ്പാക്കുന്നു. കാൻസർ രോഗികളുടെ റഫറൻസ് സുഗമമാക്കുന്നതിന് കാൻസർ ചികിത്സ കേന്ദ്രങ്ങളെ കോർത്തിണക്കിക്കൊണ്ട് ഒരു കാൻസർ ഗ്രിഡും ജില്ലാതലത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ക്യാൻസർ ബാധിതരെന്ന് സംശയിക്കുന്ന ജനങ്ങളെ സമൂഹത്തിൽ നിന്നു തന്നെ കണ്ടെത്തി രോഗ സ്ഥിരീകരണം നടത്തി ചികിത്സ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>കാൻസർ കൺട്രോൾ സ്ട്രാറ്റജിയിലൂടെ കാൻസർ പ്രതിരോധം, മുൻകൂർ രോഗനിർണ്ണയം, ചികിത്സ, സാന്ത്വനചികിത്സ എന്നീ ഘടകങ്ങളെ ഏകോപിപ്പിച്ച് കൊണ്ട് 2018 മുതൽ 2030 വരെയുള്ള കാലഘട്ടത്തിൽ കേരളത്തിൽ നടപ്പാക്കാൻ പോകുന്ന കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. കേരളത്തിലെ കാൻസറിന്റെ വ്യാപ്തി കുറയ്ക്കുവാനും കാൻസർ രോഗികൾക്ക് സമയോചിതമായ ചികിത്സയിലൂടെ ജീവിത നിലവാരം ഉയർത്തുവാനും ഇതുവഴി ലക്ഷ്യമിടുന്നു. ഈ പദ്ധതിയിൽ പറയുന്ന പ്രധാന ദൗത്യങ്ങൾ ചുവടെ പറയുന്നവയാണ്.<br><br>1. കാൻസർ നിയന്ത്രണ ചികിത്സാ മേഖലകളിൽ നേതൃപാടവം, ഏകോപനം, ഉത്തരവാദിത്തം എന്നിവ കൊണ്ടുവരിക.<br><br>2. ജനകീയ പങ്കാളിത്തത്തോടെ പ്രതിരോധത്തിലും നയരൂപീകരണത്തിലും സഹകരണം ഉറപ്പാക്കുക.<br><br>3. ആരോഗ്യ- പരിപാലന വിഭാവനം ശാക്തീകരിക്കുക, ഗവേഷണത്തിന് ഊന്നൽ നൽകുക.<br><br>4. കേരള കാൻസർ രജിസ്ട്രി നടപ്പിലാക്കുക.<br><br>5. കാൻസർ പ്രതിരോധ നിയന്ത്രണ മേഖലകളിൽ NGO, സ്വകാര്യ മേഖലകളുടെ സഹകരണം കൊണ്ടുവരിക എന്നിവ ഇതിലെ പ്രധാന ദൗത്യങ്ങളാണ്. |

അർബുദ നിയന്ത്രണത്തിനായി സംസ്ഥാനതലത്തിൽ ആരോഗ്യമന്ത്രിയുടെ അധ്യക്ഷതയിലുള്ള കേരള കാൻസർ കെയർ ബോർഡും, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും, ജില്ലാതലത്തിൽ ജില്ലാകളക്ടർമാരുടെ അധ്യക്ഷതയിലുള്ള ജില്ലാ കാൻസർ കണ്ട്രോൾ കമ്മിറ്റിയും നിലവിൽ ഉണ്ട്. കേരള കാൻസർ കണ്ട്രോൾ സ്ട്രാറ്റജി പ്രകാരം വികേന്ദ്രീകൃത അർബുദ രോഗനിർണയത്തിനു വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കേരള കാൻസർ കെയർ ബോർഡിന്റെ നിർദേശങ്ങൾക്കനുസരിച്ച് നടത്തി വരികയാണ്. പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടു പിടിക്കാനാവുന്ന സ്തനാർബുദം, ഗർഭാശയഗള അർബുദം, വായിലെ അർബുദം എന്നിവ കണ്ടെത്താനുള്ള സൗകര്യം എല്ലാ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും ക്രമീകരിക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്. എല്ലാ PHC/ FHC/ CHC എന്നിവിടങ്ങളിലും അർബുദ പ്രാരംഭ നിർണയ ക്ലിനിക് തുടങ്ങാൻ ആവശ്യമായ പരിശീലനവും സാങ്കേതിക സഹായവും മലബാർ കാൻസർ സെന്റർ നൽകിവരുന്നു. ഇതിലൂടെ ഏറ്റവും കൂടുതൽ കാണപ്പെടുന്നതും നേരത്തെ കണ്ടെത്താനാവുന്നതുമായ സ്തനാർബുദം, ഗർഭാശയഗള അർബുദം, വായിലെ അർബുദം എന്നിവ കണ്ടെത്താനുള്ള സൗകര്യം നാട്ടിൽ തന്നെ ജനങ്ങൾക്ക് ലഭ്യമാകുന്നതാണ്. പഞ്ചായത്തുകളിൽ നിന്ന് ശൈലി ആപ്പ് വഴി കണ്ടെത്തുന്ന ആളുകളെ ഇത്തരം ക്ലിനിക്കിൽ വെച്ച് പരിശോധിക്കുകയും കൂടുതൽ പരിശോധന ആവശ്യമാണെന്ന് കാണുന്ന രോഗികളെ FNAC/ BIOPSY പരിശോധനകൾക്കായി താലൂക്ക്/ ജില്ലാ ആശുപത്രികളിലേക്ക് റെഫർ ചെയ്യുന്നതും രോഗം സ്ഥിരീകരിക്കുന്നവർക്കു മാർഗനിർദേശരേഖയുടെ അടിസ്ഥാനത്തിൽ ജില്ലാ ആശുപത്രി/മെഡിക്കൽ കോളേജ്/ കാൻസർ സെന്ററുകളിൽ ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നു.

ക്യാൻസർ രോഗികളെ നേരത്തേ കണ്ടെത്തി ചികിത്സ ഉറപ്പാക്കാനായി സർക്കാരിന്റെ നേതൃത്വത്തിൽ ക്യാൻസർ കൺട്രോൾ സ്ട്രാറ്റജി രൂപീകരിച്ചതിൻ പ്രകാരം പ്രൈമറി ഹെൽത്ത് സെന്റർ ലെവലിലും, ഡിസ്ട്രിക്റ്റ് ലെവലിലും കാൻസർ കണ്ടുപിടിക്കുന്നതിനും ബോധവൽക്കരണം നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്. ക്യാൻസർ കൺട്രോൾ സ്ട്രാറ്റജിയിൽ, ഡി.എച്ച്.എസ്, ഡി.എം.ഇ, ആർ.സി.സി എന്നിവിടങ്ങളിലെ

| | | | |
|---|---|---|---|
| | | | ഡോക്ടർമാർ ഉൾപ്പെടുന്നു. കാൻസർ കൺട്രോൾ സ്ട്രാറ്റജിയിൽ തയ്യാറാക്കുന്ന കാൻസർ ഡിറ്റക്ഷൻ പോർട്ടലിൽ നൂതന രീതിയിൽ പരിശോധനാ ഫലങ്ങൾ രോഗികളിൽ എത്തിക്കുന്നതിനും, രോഗികകളുടെ വിവരം, ചികിത്സ വിവരങ്ങൾ എന്നിവ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ വരെയുള്ള ഡോക്ടർമാർക്ക് ലഭ്യമാകുന്ന തരത്തിലുള്ള ഒരു ഇന്റഗ്രേറ്റഡ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. ഇതിൽ സബ് സെന്റർ വാർഡ് തലത്തിൽ തന്നെ ക്യാൻസർ സംശയിക്കുന്ന രോഗികൾ, ക്യാൻസർ രോഗികൾ, എന്നിവരുടെ വിവരം അതാത് പി.എച്ച്.സി -യിലെ ഡോക്ടറെ ഏൽപ്പിച്ചുകൊണ്ട് രോഗികൾക്ക് ആവശ്യമായ പരിശോധനകൾ നിർദ്ദേശിക്കുകയും ചെയ്യുന്നു. പി.എച്ച്.സി യിൽ പ്രാഥമിക പരിശോധനകൾ നടത്തുകയും, തുടർ പരിശോധനകൾ ചികിത്സകൾ എന്നിവ ആവശ്യമായവരെ കാൻസർ സെന്ററുകൾ/ മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലേയ്ക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. പ്രസ്തുത സെന്ററിൽ രോഗിയുടെ എല്ലാ വിവരങ്ങളും കമ്പ്യൂട്ടർ സിസ്റ്റം വഴി കൈമാറുന്നതിനും അത്തരത്തിൽ രോഗിയുടെ തുടർ ചികിത്സ സംബന്ധിച്ച വിവരങ്ങളെല്ലാം ഈ സിസ്റ്റത്തിലൂടെ രജിസ്റ്റർ ചെയ്യുന്നതു വഴി ആദ്യം ക്യാൻസർ നിർണ്ണയിച്ച ഡോക്ടർക്ക് ഈ വിവരം ലഭിക്കുവാനുമുള്ള സംവിധാനമാണ് നടപ്പിലാക്കി വരുന്നത്. ഒരു രോഗി മെഡിക്കൽ കോളേജിൽ വരുമ്പോൾ ഒരു ക്യാൻസർ രജിസ്ട്രി നമ്പർ കൊടുക്കുകയും ടി രോഗികൾക്ക് ഈ ഡിപ്പാർട്ട്മെന്റിൽ കീമോതെറാപ്പിയും, റേഡിയേഷൻ ട്രീറ്റ്മെന്റും നൽകുകയും ചെയ്യുന്നു. ആർ.എസ്.ബി.വൈ, കെ.എ.എസ്.പി, മെഡിസെപ്പ് എന്നീ ഗവൺമെന്റ് സ്കീമുകളിൽ രോഗികൾക്ക് വിലകൂടിയ കീമോ മരുന്നുകൾ പോലും ചെലവില്ലാതെ നൽകുന്നു. റേഡിയേഷൻ ചികിത്സയ്ക്കായി ടെലികോബാൾട്ടും ഹൈ എനർജി ലീനിയർ ആക്സിലറേഷനും ട്രീറ്റ്മെന്റ് പ്ലാനിംഗിനായി സി.റ്റി സിമുലേറ്ററും നിലവിലുണ്ട്. ഇങ്ങനെയുള്ള വിലയേറിയ ചികിത്സാ രീതികളും രോഗികൾക്ക് തികച്ചും സൗജന്യമായി സർക്കാർ സ്കീമുകൾ വഴി നൽകി വരുന്നു. |
| (സി) | കാൻസർ രോഗ സാധ്യത മുൻകൂട്ടി കണ്ടെത്തി തുടർ പരിശോധനയ്ക്കും ചികിത്സയ്ക്കും വിധേയമാക്കാൻ കഴിയുന്ന പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്കുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (സി) | കാൻസർ രോഗസാധ്യത മുൻകൂട്ടി കണ്ടെത്തുന്നതിനും കണ്ടെത്തുന്നവർക്ക് വിദഗ്ധ ചികിത്സ നൽകുന്നതിനും എല്ലാ ജില്ലകളിലും പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിൽ സ്ത്രീകൾക്ക് ഉണ്ടാകുന്ന അർബുദ രോഗങ്ങൾ കണ്ടെത്തുന്നതിനാണ് പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്കുകൾ പ്രാമുഖ്യം നൽകുന്നത്. |

| | | | |
|---|---|---|---|
| | | | ഓരോ ജില്ലയിലെയും പ്രധാന ആശുപത്രികളിലെ ഗൈനക്കോളജി വിഭാഗവുമായി ചേർന്നു കൊണ്ടാണ് പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്കുകൾ നടപ്പിലാക്കുന്നത്. സ്ത്രീകൾക്ക് ഉണ്ടാകുന്ന സ്തനാർബുദം, വദനാർബുദം, ഗർഭാശയഗളാർബുദം, തൈറോയ്ഡ് കാൻസർ എന്നിവയാണ് ഈ ക്ലിനിക്കിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പരിശോധനകൾ. ഗൈനക്കോളജി വിഭാഗത്തിൽ എത്തുന്ന എല്ലാ സ്ത്രീകളിലും രോഗലക്ഷണം ഇല്ലാതെ തന്നെ ക്യാൻസർ പരിശോധന മുൻകൂട്ടി നടത്തുക എന്നതാണ് പ്രിവന്റീവ് ഓങ്കോളജി ക്ലിനിക്കുകളുടെ ഉദ്ദേശ്യ ലക്ഷ്യം.<br><br>സാമൂഹിക അടിസ്ഥാനത്തിൽ ഉള്ള അർബുദ നിയന്ത്രണ, പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക, ജന പങ്കാളിത്തത്തോടെയുള്ള അർബുദ പ്രതിരോധ പ്രവർത്തനങ്ങൾ/ ഗവേഷണങ്ങൾ തുടങ്ങിയവ നടപ്പിലാക്കുക, അർബുദ പ്രതിരോധ പ്രവർത്തനങ്ങളിൽ സർക്കാരിന് നയ രൂപീകരണം നടത്താനാവശ്യമായ ശാസ്ത്രീയ രേഖകൾ തയ്യാറാക്കുക എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനാണ് പ്രിവന്റീവ് ഓങ്കോളജി വിഭാഗം പ്രവർത്തിച്ചു വരുന്നത്. പൊതുജനങ്ങൾക്കും, വിദ്യാർത്ഥികൾക്കും അർബുദ-പുകയില ബോധവൽക്കരണ ക്ലാസ്സുകളും, സാമൂഹിക വിഭാഗങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള അർബുദ ഗവേഷണവും ഈ വിഭാഗത്തിന്റെ കീഴിൽ നടത്തി വരുന്നു. സീതി ഹാജി മെമ്മോറിയൽ കാൻസർ ഡിറ്റക്ഷൻ ആൻഡ് ട്രീറ്റ്മെന്റ് സെന്റർ എടവണ്ണ, ഒറ്റപ്പാലം താലൂക്ക് ആശുപത്രി, പാലക്കാട് എന്നിവിടങ്ങളിലെ അർബുദ ചികിത്സയ്ക്കും, രോഗ നിർണയത്തിനുമുള്ള സാങ്കേതിക സഹായം എം.സി.സി -പി.ജി.ഐ.ഒ.എസ് ആർ നൽകിവരുന്നുണ്ട്. |
| (ഡി) | കാൻസർ ചികിത്സയും രോഗനിർണയവുമായി ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളെയും ഉൾപ്പെടുത്തി മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡ് എല്ലാ സർക്കാർ കാൻസർ ചികിത്സാ കേന്ദ്രങ്ങളിലും രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | കാൻസർ ചികിത്സയിൽ രോഗനിർണയവുമായി ബന്ധപ്പെട്ട മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡ് സ്ഥാപിക്കുന്നതിന് കാൻസർ ബോർഡ് യോഗത്തിൽ തീരുമാനമെടുത്തിട്ടുള്ളതാണ്. റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ-പി.ജി.ഐ.ഒ.എസ്.ആർ, കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ എന്നിവിടങ്ങളിൽ മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡ് രൂപീകരിച്ചിട്ടുള്ളതും നിലവിൽ ഇതിന്റെ പ്രവർത്തനം സുഗമമായി തുടർന്ന് വരുന്നതുമാകുന്നു. |

| | | | |
|---|---|---|---|
| | | | എന്നാൽ ആരോഗ്യവകുപ്പിന് കീഴിലുള്ള ക്യാൻസർ ചികിത്സ കേന്ദ്രമായ എറണാകുളം ജനറൽ ആശുപത്രിയിൽ മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡ് ഔദ്യോഗികമായി രൂപീകരിച്ചിട്ടില്ല.<br><br>തിങ്കൾ മുതൽ വെള്ളിവരെ എല്ലാ ദിവസങ്ങളിലും എം.സി.സി- പി. ജി.ഐ.ഒ.എസ്. ആറിലെ എല്ലാ സ്പെഷ്യാലിറ്റി വിഭാഗവും ചേർന്ന് രോഗികളുടെ ക്ലിനിക്കൽ രേഖകൾ പരിശോധിച്ച് കൂട്ടായ ചർച്ചയിലൂടെ രോഗികളുടെ തുടർ ചികിത്സ രീതികളെ കുറിച്ച് തീരുമാനം എടുക്കുന്ന രീതിയാണ് മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡ് എന്നതിലൂടെ നടപ്പിലാക്കി വരുന്നത്.<br><br>കാൻസർ ചികിത്സ നൽകുന്ന സർക്കാർ മെഡിക്കൽ കോളേജുകളിലെ റേഡിയോതെറാപ്പി വിഭാഗത്തിൽ മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡ് നിരന്തരം നടന്നു വരുന്നു. ഇതിനായി ഇ.എൻ.റ്റി ട്യൂമർ ബോർഡ്, ഗൈനക്കേളജി ട്യൂമർ ബോർഡ്, ഗാസ്ട്രോ എന്ററോളജി ട്യൂമർ ബോർഡ്, സർജറി ട്യൂമർ ബോർഡ്, എന്നിവ നടത്തി വരുന്നുണ്ട്. എല്ലാ ദിവസവും വൈകിട്ട് റേഡിയോ തെറാപ്പി ഡിപ്പാർട്ടമെന്റിൽ ഒ.പി യിൽ ചികിത്സക്കായി എത്തുന്ന എല്ലാ പുതിയ കേസുകളും അതേ യൂണിറ്റിലുള്ള എല്ലാ കൺസൾട്ടന്റുകളും കൂടി അവലോകനം ചെയ്യാറുമുണ്ട്. |

സെക്ഷൻ ഓഫീസർ